# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 നവംബർ 30 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ദേശീയപാത അറ്റകുറ്റപ്പണികൾ ഉടൻ പൂർത്തിയാക്കണമെന്ന് ജില്ലാ വികസന സമിതിയിൽ ആവശ്യം

ചാവക്കാട്-പൊന്നാനി ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ജില്ലാ വികസന സമിതിയിൽ യോഗത്തിൽ കെ വി അബ്ദുൾ ഖാദർ എംഎൽഎ ആവശ്യപ്പെട്ടു. ദേശീയ പാതയിലെ എടക്കഴിയൂർ-മന്ദലാംകുന്ന് ഭാഗം ഗതാഗതയോഗ്യമല്ലാതെയായി മാറിയിരിക്കുകയാണ്. ഇവിടെ റോഡിൽ രൂപപ്പെട്ട കുഴികൾ അടയ്ക്കുന്നതിന് കാലതാമസം പരിഹരിക്കണം. രണ്ടര കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തത് പൂർത്തിയാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മുനയം-ഏനമാക്കൽ-ഇടിയൻചിറ ബണ്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ഉടൻ പൂർത്തിയാക്കുമെന്നും മേജർ ഇറിഗേഷൻ വകുപ്പ്, വികസന സമിതി യോഗത്തെ അറിയിച്ചു.എടത്തിരുത്തിയിലെ മാണിയംതാഴം പാടശേഖരം കെഎൽഡിസിയുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുന്നാവുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ജില്ലയിലെ മുഴുവൻ തോടുകളും കുളങ്ങളും വൃത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് എംഎൽഎമാരായ ഇ ടി ടൈസൺമാസ്റ്റർ, കെ വി അബ്ദുൾഖാദർ എന്നിവർ ആവശ്യപ്പെട്ടു. ഒരേക്കറിൽ കൂടുതൽ വിസ്തൃതിയുള്ള കുളങ്ങളുടെ വിവരശേഖരണം ഹരിതകേരള മിഷൻ നടത്തും. റിവർ മാനേജ്മെന്റ് ഫണ്ട് പ്രകാരം ഏറ്റെടുക്കേണ്ട 19 പ്രവൃത്തികളുടെ 11.69 കോടി രൂപയുടെ നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടെന്ന് ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. 3.82 കോടി രൂപയാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. ഈ തുകയ്ക്കുള്ള അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുക്കും. ജില്ലയിൽ ലക്ഷം വീടുകൾ ഒറ്റവീടുകളാക്കേണ്ട പദ്ധതിയിൽപ്പെടുത്തി 409 വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പദ്ധതിയ്ക്കുള്ള തുക തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട് എംഎൽഎ ഫണ്ട്, സർക്കാർ ധനസഹായം എന്നിവ ഉപയോഗിച്ച് കണ്ടെത്തണം. അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കുമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. കുടുംബശ്രീ ആർകെഎൽഎസ് പദ്ധതി പ്രകാരം ജില്ലയിൽ 350.40 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ട പലിശ സബ്സിഡിയായി 29.14 കോടി രൂപ അയൽകൂട്ടങ്ങൾക്ക് ലഭ്യമാക്കുമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് 500 ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ജില്ലയിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ഇ ടി ടൈസൺമാസ്റ്റർ എംഎൽഎ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ കൈറ്റ് ഏകോപനം നിർവഹിക്കണം. ദേശീയപാത വികസനത്തിന് വനഭൂമി ലഭ്യമാക്കുന്നതിനായുള്ള റിപ്പോർട്ട് കേന്ദ്ര വനം മന്ത്രാലയത്തിന് സമർപ്പിച്ചതായി വനം വകുപ്പ് അറിയിച്ചു. ചാലക്കുടി വനമേഖലയിൽ കൃഷി

നാശം വരുത്തുന്ന വനമൃഗങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഡിഎഫ്ഒ അറിയിച്ചു. എംഎൽഎമാരായ ഇ ടി ടൈസൺമാസ്റ്റർ, കെ വി അബ്ദുൾ ഖാദർ, ബെന്നി ബെഹനാൻ എംപി യുടെ പ്രതിനിധി ടി യു രാധാകൃഷ്ണൻ, ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ എന്നിവർ പങ്കെടുത്തു. ജില്ലാ കളക്ടർ എസ് ഷാനവാസ് അദ്ധ്യക്ഷനായി.

### അഗ്രോ ഡ്രോൺ സംസ്ഥാനതല ഉദ്ഘാടനം നടത്തി

## അഗ്രോ ഡ്രോൺ കാർഷിക രംഗത്ത് വിപ്ലവം ഉണ്ടാക്കും: കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ

അഗ്രോ ഡ്രോൺ ഉപയോഗം കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ പറഞ്ഞു. കാർഷിക യന്ത്രവത്കരണ രംഗത്ത് പുതിയ ചുവടുവെപ്പായ അഗ്രോ ഡ്രോണിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃശൂർ പുറത്തൂർ കോൾപ്പടവിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കോട്ടയം മെത്രാൻ കായലിലാണ് കൃഷി വകുപ്പ് ആദ്യമായി ഡ്രോൺ പരീക്ഷിച്ചതെന്ന് മന്ത്രി പറഞ്ഞു. നെൽകൃഷിയിൽ സൂക്ഷ്മമൂലകങ്ങളുടെ അപര്യാപ്തത പരിഹരിക്കാനായി അന്ന് ഡ്രോൺ ഉപയോഗിച്ചത് വൻ വിജയമായിരുന്നു. സാധാരണ രീതിയിൽ സൂക്ഷ്മ മൂലകങ്ങളും കീടനാശിനികളും ചെടികളിൽ പ്രയോഗിക്കുന്നതിനേക്കാൾ വളരെ ഫലപ്രദമായി ഡ്രോൺ ഉപയോഗിച്ച് ചെയ്യാൻ കഴിയും. കൃഷിക്കാർക്ക് ലാഭകരമാണെന്നതിന് പുറമെ പണിക്കാരെ കിട്ടാത്ത പ്രശ്നത്തിന് പരിഹാരവുമാണ്. കുട്ടനാട് ഭാഗത്ത് നെൽകൃഷിക്ക് മുഞ്ഞ ബാധിച്ച സമയത്ത് സർവേക്ക് ഡ്രോൺ ആണ് ഉപയോഗിച്ചത്.

കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിലാണ് കൃഷിയിൽ ഡ്രോണിന്റെ ഉപയോഗം സംബന്ധിച്ച് പരീക്ഷണം നടത്തിയത്. ഡ്രോൺ ഉപയോഗിച്ച് മരുന്ന് തെളിക്കാനും വിത്ത് വിതക്കാനും രോഗങ്ങൾ കണ്ടുപിടിക്കാനും കഴിയും. ഡ്രോൺ ഉപയോഗത്തിന് കാർഷിക മേഖലയിൽ അനന്തമായ സാധ്യതകളുണ്ട്. അതേസമയം, വലിയ ഡ്രോൺ ഉപയോഗത്തിന് കേന്ദ്രസർക്കാറിന്റെ അനുമതി ആവശ്യമാണ്. കൂടാതെ ഡ്രോൺ ഉപയോഗിച്ച് കീടനാശിനി തളിക്കുന്നതിന് പ്രോട്ടോക്കോൾ ഉണ്ടാക്കേണ്ടതുണ്ട്. കൃഷിക്കാരുടെ ഉൽപാദനം കൂട്ടുക, ചെലവ് കുറക്കുക, വരുമാനം കൂട്ടുക എന്നിവയാണ് യന്ത്രവത്കരണത്തിന്റെ ലക്ഷ്യം. കാർഷിക രംഗത്തെ യന്ത്രവത്കരണത്തിനായി മുന്നോട്ടുവന്ന ഏതാനും ചെറുപ്പക്കാരുടെ സംരംഭമാണിത്. തെങ്ങിന്റെ മുകളിൽ കയറാതെ കള്ള് ചെത്തുന്ന യന്ത്രം വരെ യുവാക്കൾ വികസിപ്പിച്ചിട്ടുണ്ട്. നീര ചെത്തുന്നതിന് ഇത് ഉപയോഗിക്കാനുള്ള ചർച്ച ഡിസംബർ അഞ്ചിന് സ്റ്റാർട്ടപ്പ് മിഷനുമായി നടത്തുമെന്നും മന്ത്രി പറഞ്ഞു.

ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതിയുടെ ഭാഗമായാണ് കൃഷി വകുപ്പ് തൃശൂരിൽ അഗ്രോ ഡ്രോൺ പദ്ധതി നടപ്പിലാക്കുന്നത്. ഉദ്ഘാടനത്തിന്റെ ഭാഗമായി കോൾ പാടത്ത് ഡ്രോൺ ഉപയോഗിച്ചു.

ഗീത ഗോപി എം.എൽ.എ അധ്യക്ഷത വഹിച്ചു. കാർഷിക സർവകലാശാല റിസർച്ച് ഡയറക്ടർ ഡോ. പി. ഇന്ദിരാദേവി പദ്ധതി വിശദീകരിച്ചു. തൃശൂർ ജില്ലാ പഞ്ചായത്ത് വികസന സ്ഥിരം സമിതി അധ്യക്ഷ ജെന്നി ജോസഫ്, ജില്ലാ പഞ്ചായത്തംഗം ഷീല വിജയകുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാരായ പി.സി. ശ്രീദേവി (അന്തിക്കാട്), ലതി വേണുഗോപാൽ (മുല്ലശ്ശേരി), സി.വി. കുരിയാക്കോസ് (പുഴയ്ക്കൽ), എ.വി.സുമതി (ചൊവ്വന്നൂർ), അരിമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സുജാത മോഹൻദാസ്, ചാഴൂർ ഗ്രാമപഞ്ചായത്ത് വികസന സ്ഥിരം സമിതി ചെയർപേഴ്സൻ വിജി ഷൺമുഖൻ, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ പി.വി. സിജുലാൽ, റീന സുരേഷ്, ജില്ലാ കോൾ കർഷക സംഘം പ്രസിഡൻറ് കെ.കെ. കൊച്ചുമുഹമ്മദ്, സെക്രട്ടറി എൻ.കെ. സുബ്രഹ്മണ്യൻ, പുറത്തൂർ പാടശേഖര സമിതി കൺവീനർ കെ.ഡി. കേശവരാജ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ. രാധാകൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു. പാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജ്യോതി കനകരാജ് സ്വാഗതവും അന്തിക്കാട് കൃഷി അസിസ്റ്റൻറ് ഡയറക്ടർ വി.ആർ. നരേന്ദ്രൻ നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: അഗ്രോ ഡ്രോൺ സംസ്ഥാനതല ഉദ്ഘാടനം കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ നിർവഹിക്കുന്നു***

## ഡ്രോൺ ഉപയോഗിച്ച് രാസകീടനാശിനികൾ തളിക്കരുത്: കേരള കാർഷിക സർവകലാശാല

നിലവിൽ ഡ്രോൺ ഉപയോഗം ജൈവകീടനാശിനികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതായി കാർഷിക സർവകലാശാല റിസർച്ച് ഡയറക്ടർ ഡോ. പി. ഇന്ദിരാദേവി അറിയിച്ചു. തൃശൂർ പുറത്തൂർ കോൾപ്പടവിൽ അഗ്രോ ഡ്രോൺ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ പദ്ധതി വിശദീകരിച്ച് സംസാരിക്കുകയായിരുന്നു അവർ. ഡ്രോൺ ഉപയോഗിച്ച് രാസകീടനാശിനികൾ തളിക്കാൻ നിലവിൽ കാർഷിക സർവകലാശാലയുടെ തീരുമാനം ഇല്ല. ജൈവ കീടനാശിനികളും സൂക്ഷ്മമൂലകങ്ങളും ഡ്രോൺ ഉപയോഗിച്ച് തളിക്കാം. രാസകീടനാശിനികൾ തളിക്കുന്നതിന് കൂടുതൽ പരീക്ഷണങ്ങൾ ആവശ്യമാണ്. കൃത്യമായ നിർദേശമില്ലാതെ ഡ്രോൺ ഉപയോഗിക്കരുത്. തളിക്കുന്ന ലായനിയുടെ ഗാഢത, തളിക്കുന്നതിലെ കൃത്യത, ഡ്രോൺ പറക്കുന്ന ഉയരം എന്നിവ അടിസ്ഥാനമാക്കിയുള്ള പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ജൈവ കീടനാശിനി തളിക്കുന്നതിന് കാർഷിക സർവകലാശാല അനുമതി നൽകിയതെന്നും അവർ പറഞ്ഞു.

## ലാൻഡ് ട്രിബ്യൂണൽ ഓഫീസുകളുടെ ഉദ്ഘാടനം നാളെ (ഡിസംബർ 2)

ജില്ലയിലെ പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി അനുവദിച്ചിട്ടുള്ള രണ്ട് ലാൻഡ് ട്രിബ്യൂണൽ ഓഫീസുകളുടെ പ്രവർത്തനം തിങ്കളാഴ്ച ആരംഭിക്കുന്നു. റവന്യൂ മന്ത്രി ഇ ചന്ദ്രശേഖരൻ ഓഫീസുകൾ ഉദ്ഘാടനം ചെയ്യും. കുന്നംകുളം ലാൻഡ് ട്രിബ്യൂണൽ ഓഫീസ് ഉദ്ഘാടനം ഉച്ചയ്ക്ക് 2 മണിക്കും ഇരിങ്ങാലക്കുടയിലേത് വൈകീട്ട് 4.30 നുമാണ്. ചാവക്കാട്, കുന്നംകുളം, തലപ്പിള്ളി താലൂക്ക് പരിധിയിലുള്ള ഭൂപ്രദേശങ്ങൾക്കായാണ് കുന്നംകുളം ട്രിബ്യൂണൽ ഓഫീസ് പ്രവർത്തിക്കുക. ഇരിങ്ങാലക്കുട ട്രിബ്യൂണൽ ഓഫീസിന് കീഴിൽ ചാലക്കുടി, കൊടുങ്ങല്ലൂർ താലൂക്ക് ഭൂവിഭാഗം ഉൾപ്പെടും. മുകുന്ദപുരം താലൂക്ക് ഇരിങ്ങാലക്കുട ട്രിബ്യൂണലിന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഉത്തരവ് ഉണ്ടാവും വരെ തൃശൂർ ലാൻഡ് ട്രിബ്യൂണൽ ഇരിങ്ങാലക്കുടയിൽ ക്യാമ്പ് സിറ്റിംഗ് നടത്തും.

## അഴീക്കോട് സീതി സാഹിബ് ഹൈസ്കൂൾ കെട്ടിടം പുനർനിർമാണ ശിലാസ്ഥാപനം ഡിസംബർ രണ്ടിന്

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് പാസ്‌വേഡ് 2019-20 ന്റെ ഭാഗമായി പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി ഏകദിന സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനവും അഴീക്കോട് സീതിസാഹിബ് ഹൈസ്കൂൾ കെട്ടിടത്തന്റെ പുനർനിർമാണ ശിലാസ്ഥാപന കർമവും ന്യൂനപക്ഷക്ഷേമ-ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ ടി ജലീൽ ഡിസംബർ രണ്ടിന് രാവിലെ 9.30 ന് നിർവഹിക്കും. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിക്കും. ചടങ്ങിൽ സിസിഎംവൈയിൽ നിന്ന് ജോലി കിട്ടിയവർക്കുള്ള ഉപഹാരസമർപ്പണവും നടക്കും. അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ മുഖ്യപ്രഭാഷണവും ജില്ലാ കളക്ടർ എസ് ഷാനവാസ് ആമുഖ പ്രഭാഷണവും നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ അബീദലി, കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ കെ ആർ ജൈത്രൻ, എറിയാട് പഞ്ചായത്ത് പ്രസിഡണ്ട് പ്രസാദിനി മോഹനൻ, ജില്ലാ പഞ്ചായത്ത് അംഗം നൗഷാദ് കൈതവളപ്പിൽ, സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ എ ബി മൊയ്തീൻകുട്ടി, ഡോക്ടർ പി എ മുഹമ്മദ് സെയ്ദ്, സിസിഎംവൈ പ്രിൻസിപ്പൽ ഡോക്ടർ കെ കെ സുലൈഖ എന്നിവർ പങ്കെടുക്കും.

## നവോദയ പ്രവേശനം

മായന്നൂർ ജവഹർ നവോദയ വിദ്യാലയത്തിൽ 2020-21 അധ്യയന വർഷം ഒൻപതാം ക്ലാസ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് www.nvsadmissionclassnine.in ൽ ഓൺലൈനായി അപേക്ഷ

സമർപ്പിക്കേണ്ട തീയതി അവസാന ഡിസംബർ പത്ത്. ഓൺലൈനായി അപേക്ഷിക്കാൻ പറ്റാത്ത വർക്ക് നവോദയ സ്കൂളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം. ഫോൺ: 04884 286260, 9446951361.

## അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

തൃശ്ശൂർ ഗവ. ദന്തൽ കോളേജിൽ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. വിദ്യാഭ്യാസ യോഗ്യത :എംഡിഎസ് ഇൻ പ്രോസ്തോഡോണ്ടിക്സ്. അംഗപരിമിതർക്ക് മുൻഗണന. താല്പര്യമുള്ളവർ ഡിസംബർ നാലിന് രാവിലെ 11 ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജ് പ്രിൻസിപ്പാളിന്റെ ചേമ്പറിൽ എത്തണം. ഫോൺ: 0487 2206200.

## ഓഫീസ് അറ്റൻഡന്റ് ഒഴിവ്

മുളങ്കുന്നത്തുകാവ് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. താൽപര്യമുള്ളവർ അപേക്ഷ അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി, മെഡിക്കൽ കോളേജ് ക്യാമ്പസ്, തൃശൂർ എന്ന വിലാസത്തിൽ ഏഴു ദിവസത്തിനകം നൽകണം. ഫോൺ: 9539280535.

## സിവിൽ സർവീസ് പരിശീലനം

കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ നിന്നും ആശ്രിതരിൽ നിന്നും സിവിൽ സർവീസ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരത്തുള്ള കേരള ഇനിസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയിറ്റ്മെന്റിലാണ് പരിശീലനം. ബിരുദമാണ് യോഗ്യത. താൽപര്യമുള്ള തൊഴിലാളികളുടെ മക്കളും ആശ്രിതരും വിദ്യാഭ്യാസം, വയസ്, ജാതി ക്ഷേമനിധി അംഗത്വം എന്നിവ തെളിയിക്കുന്ന രേഖകളുമായി ബോർഡിന്റെ കായംകുളം, ചവറ, ഭരണിക്കാവ്, ഇരിഞ്ഞാലക്കുട എന്നി ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫീസുകളിൽ ഡിസംബർ നാലിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വിശദവിവരങ്ങളും അപേക്ഷ ഫോറവും www.kile.kerala.gov.in എന്ന വെബ്സൈറ്റിയിൽ ലഭ്യമാണ്. ഫോൺ: 0479 2446518.

## ജലവിതരണം തടസ്സപ്പെടും

പീച്ചിയിൽ നിന്നും ജലവിതരണ ലൈനിൽ പുതിയതായി സ്ഥാപിക്കുന്ന വിതരണ കുഴൽ ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ നടക്കുന്നതിനാൽ തൃശൂർ പഴയ മുനിസിപ്പൽ പ്രദേശങ്ങളിൽ ഭാഗി കമായും അനുബന്ധ പഞ്ചായത്തുകളിൽ പൂർണ്ണമായും ഡിസംബർ മൂന്ന് മുതൽ അഞ്ച് വരെ ജല വിതരണം തടസ്സപ്പെടുമെന്ന് വാട്ടർ അതോറിറ്റി അസി. എഞ്ചിനീയർ അറിയിച്ചു.